മലയാള മനോരമ
ESTABLISHED 1888

**31 January 2017**

# മത്സ്യകർഷകർക്കു ഗുണപ്പെടുന്ന ഗവേഷണത്തിന് പ്രാമുഖ്യം നൽകണം: കേന്ദ്രമന്ത്രി

കൊച്ചി • മത്സ്യമേഖലയിൽ പുരോഗതി കൈവരിക്കുന്നതിനു മത്സ്യകർഷകർക്കു പ്രയോജനപ്പെടുന്ന ഗവേഷണ പ്രവർത്തനങ്ങൾക്കു പ്രാമുഖ്യം നൽകണമെന്നു കേന്ദ്രമന്ത്രി സുദർശൻ ഭഗത്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) വിഴിഞ്ഞം ഗവേഷണ കേന്ദ്രത്തിൽ നൂതന ജലകൃഷിപദ്ധതിയായ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർഎഎസ്) ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മത്സ്യകൃഷിയിലേക്ക് ആളുകളെ ആകർഷിക്കുന്ന വിധത്തിൽ കർഷക സൗഹൃദ കൃഷിരീതികളും സാങ്കേതികവിദ്യകളും വികസിപ്പിക്കണമെന്നു മന്ത്രി പറഞ്ഞു.

വെള്ളം പുറത്തേക്ക് ഒഴിവാക്കാതെ ടാങ്കിനുള്ളിൽ തന്നെ ശുദ്ധീകരിച്ചു ഗുണനിലവാരം ഉറപ്പുവരുത്തുന്ന സംവിധാനമാണു റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർഎഎസ്). 30,000 ലീറ്റർ വെള്ളം ഉൾക്കൊള്ളുന്ന ആർഎഎസ് ടാങ്കാണ് സിഎംഎഫ്ആർഐയിൽ സ്ഥാപിച്ചിട്ടുള്ളത്. കടലിൽ നിന്നുള്ള മത്സ്യലഭ്യതയിൽ കുറവു വരുന്ന സാഹചര്യത്തിൽ കടൽമീനുകളെ തന്നെ ലാഭകരമായ രീതിയിൽ കൃഷി ചെയ്ത് ഉൽപാദിപ്പിക്കുന്നതിനാണ് ഇപ്പോൾ സിഎംഎഫ്ആർഐ ഊന്നൽ നൽകുന്നതെന്നു സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.